Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

24.02.2026

# ജൂബിലിയിൽ സെന്റ് തോമസ് കോളേജിലെ അധ്യാപക സംഘത്തിന്റെ സ്ഥാപന സന്ദർശനം

ജൂബിലി മിഷൻ ആശുപത്രിയിൽ സെന്റ് തോമസ് കോളേജിലെ അധ്യാപക സംഘം സ്ഥാപന സന്ദർശനം നടത്തി. ജൂബിലി മിഷൻ ഹെൽത്ത്കെയർ ആന്റ് അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷൻസ്  ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ദീപ പ്രജ്വലന ചടങ്ങിൽ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, ഡോ. സി. ജൂഡി, സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. മാർട്ടിൻ കെ. എ., ഐ.ക്യു.എ.സി. കോർഡിനേറ്റർ ഡോ. ദിവ്യ എന്നിവർ പങ്കെടുത്തു. സെന്റ് തോമസ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോൺ പനങ്ങാടൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. തുടർന്ന് ജൂബിലി മിഷൻ ഹെൽത്ത്കെയർ ആന്റ് അക്കാദമിക് സ്ഥാപനങ്ങളുടെ സമഗ്ര അവലോകനം ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അവതരിപ്പിച്ചു. ഹൃദയാരോഗ്യത്തെക്കുറിച്ച് കാർഡിയോളജി വിഭാഗത്തിലെ ഡോ. ഗോവിന്ദനുണ്ണി ടി. പ്രഭാഷണം നടത്തി. തുടർന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിലന്റെ നേതൃത്വത്തിൽ ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം നടന്നു. റിസേർച്ച് വിങ്ങുകളുടെ പ്രവർത്തനത്തെക്കുറിച്ച് സയന്റിസ്റ്റ് എഫും റിസേർച്ച് കോർഡിനേറ്ററുമായ ഡോ. പി. ആർ. വർഗ്ഗീസ് വിശദീകരിച്ചു. സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക് സഹകരണവും അറിവ് കൈമാറ്റവും ശക്തിപ്പെടുത്തുന്നതിൽ ഈ സന്ദർശനം നിർണായകമായതായി സംഘാടകർ അറിയിച്ചു.